442

സ്പോർട്സ് (2)/005/2010/ഡിപിഐ. വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി: 06.01.2010

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം--സ്പോർട്സ്--ജി.വി. രാജാ സ്പോർട്സ് സ്ക്കൂൾ തിരുവനന്തപുരം, സ്പോർട്സ് ഡിവിഷൻ കണ്ണൂർ എന്നീ സ്ഥാപനങ്ങളിൽ 2010-2011 അദ്ധ്യയന വർഷത്തിൽ 8-ാം ക്ലാസ്സിൽ പ്രവേശനം നൽകുന്നതിനുള്ള സോണൽ സെലക്ഷനെ സംബന്ധിച്ച്

സൂചന:- ഈ ഓഫീസിലെ 22.12.2009 ലെ സർക്കുലർ

ജി.വി. രാജാ സ്പോർട്സ് സ്ക്കൂൾ തിരുവനന്തപുരം, സ്പോർട്സ് ഡിവിഷൻ കണ്ണൂർ എന്നീ സ്ഥാപനങ്ങളിൽ 2010-2011 അദ്ധ്യയന വർഷത്തിൽ 8-ാം ക്ലാസ്സിലേയ്ക്ക് (മലയാളം മീഡിയം) പ്രവേശനം നൽകുന്നതിനുള സംസ്ഥാനതല തിരഞ്ഞെടുപ്പുമത്സരങ്ങൾ 18.01.2010 മുതൽ 12.02.2010 വരെയുള്ള തീയതികളിൽ നിശ്ചിത സ്ഥലത്തും, സമയത്തും വച്ചു നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. റവന്യൂ ജില്ലകൾ പങ്കെടുക്കേണ്ട സോണുകളുടെ വിവരം ചുവടെ ചേർക്കുന്നു.

(1) കണ്ണൂർ സോൺ 18.01.2010 - പോലീസ് സ്റ്റേഡിയം

കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾ 18.01.2010 രാവിലെ 8 മണിയ്ക്കു കണ്ണൂർ പോലീസ് സ്റ്റേഡിയത്തിൽ എത്തിച്ചേരേണ്ടതാണ്.

(2) തൃശൂർ സോൺ 20.01.2010 - മുൻസിപ്പൽ സ്റ്റേഡിയം

തൃശൂർ പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾ 20.01.2010 ന് രാവിലെ 8 മണിയ്ക്ക് തൃശൂർ മുൻസിപ്പൽ സ്റ്റേഡിയത്തിൽ എത്തിച്ചേരേണ്ടതാണ്.

<u>(3) കോട്ടയം സോൺ 09.02.2010 - നെഹ്റു സ്റ്റേഡിയം</u>

പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾ 09.02.2010 ന് രാവിലെ 8 മണിയ്ക്ക് കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ എത്തിച്ചേരേണ്ടതാണ്.

<u>(4) തിരുവനന്തപുരം സോൺ 11.02.2010 - സെൻട്രൽ സ്റ്റേഡിയം</u>

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾ 11.02.2010 രാവിലെ 8 മണിയ്ക്ക് സെൻട്രൽ സ്റ്റേഡിയത്തിൽ എത്തിച്ചേരേണ്ടതാണ്.

റവന്യൂ ജില്ലാതല സെലക്ഷനിൽ പങ്കെടുത്തു സംസ്ഥാന തല സെലക്ഷനിൽ പങ്കെടുക്കാൻ അർഹരായ എല്ലാ കുട്ടികളേയും ബന്ധപ്പെട്ട റവന്യൂ ജില്ലാ സ്പോർട്സ് ആന്റ് ഗെയിംസ് സെക്രട്ടറിമാരുടെ ഉത്തരവാദിത്വത്തിൽ സംസ്ഥാന സെലക്ഷനിൽ പങ്കെടുപ്പിക്കേണ്ടതാണ്.

സംസ്ഥാന സെലക്ഷനിൽ പങ്കെടുക്കുന്ന കുട്ടികൾ അവർ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാലയത്തിലെ അദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയ നിശ്ചിത ഫോറത്തിലുള്ള ഫോട്ടോ പതിച്ച യോഗ്യതാ സർട്ടിഫിക്കറ്റുമായിട്ടാണ് ഹാജരാകേണ്ടത്. **യോഗ്യതാ സർട്ടിഫിക്കറ്റ് ഇല്ലാതെ വരുന്ന കുട്ടികളെ യാതൊരു കാരണവശാലും സോണൽ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതല്ല.**

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ ആർ.ഡി.എസ്.ജി.എ. സെക്രട്ടറിമാർക്കും
4. ജി.വി. രാജാ സ്പോർട്സ് സ്ക്കൂൾ, തിരുവനന്തപുരം
5. ജി.വി.എച്ച്.എസ്.എസ്. കണ്ണൂർ (സ്പോർട്സ് ഡിവിഷൻ)

എ.06.01